എൻ.എച്ച്.47-ൽ കൃഷ്ണപുരം മുതൽ ഹരിപ്പാട് വരെയുള്ള രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ

104 (2823) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിൽ കൃഷ്ണപുരം മുതൽ ഹരിപ്പാട് വരെയുള്ള പാതയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) രണ്ടാംഘട്ട വികസന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള പാതയുടെ ഇരുവശവും ഒന്നരമീറ്റർ വീതിയിൽ മെറ്റൽ ചെയ്തു ടാർ ചെയ്യുന്നതിനുള്ള പണികൾ ആരംഭിച്ചു കഴിഞ്ഞു.

(സി) പണികൾ 2003 ഡിസംബർ മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

നാഷണൽ ഹൈവേ വീതി കൂട്ടുന്നതിനുള്ള നടപടി

105 (2824) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കരമന-പാപ്പനംകോട് നാഷണൽ ഹൈവേ വീതി കൂട്ടുന്നതിനുള്ള പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കരമന-പാപ്പനംകോട് റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട ഭൂമിയുടെ അക്വിസിഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ടി.വി.എസ്. മുതൽ കൈമനം ജംഗ്ഷൻവരെയുള്ള നിലവിലുള്ള റോഡിന് എത്ര വീതിയുണ്ടെന്നും നിലവിലുള്ള റോഡിന്റെ വശങ്ങളിൽ നിന്ന് ഓരോ വശത്തും എത്ര വീതിയിൽ ഏതെല്ലാം സർവ്വേ നമ്പരിൽ നിന്നും എന്ത് വിസ്തീർണ്ണം ഭൂമിയാണ് അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള റോഡിന്റെ ഇരുവശങ്ങളിൽ നിന്നും ഒരേ വീതിയിൽ ഭൂമി അക്വയർ ചെയ്യുന്ന രീതി ടി.വി.എസ്. മുതൽ കൈമനം ജംഗ്ഷൻ വരെയുള്ള ഭാഗത്ത് പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ ഭാഗത്ത് റോഡിന്റെ ഒരു വശത്തുനിന്നുമാത്രം ഭൂമി അക്വയർ ചെയ്യുന്ന നടപടിക്ക് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് തദ്ദേശവാസികളുടെ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly